**തദ്ദേശസ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ നടപടിക്രമം**

(ഹാജർ : Dr. Dinesan Cheruvat IAS)

സംഗ്രഹം

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ് – മുൻ പഞ്ചായത്ത് വകുപ്പിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട് തസ്തികയിലെ ജീവനക്കാർക്ക് റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡ് അനുവദിച്ച് പുറപ്പെടുവിക്കുന്നു.

**ഉത്തരവ് നമ്പർ . LSGD/PD/66429/2023-DEH3 തീയതി:04-05-2025**

പരാമർശം:-
1) 10/02/2021 തീയതിയിലെ സ.ഉ.(പി) നം. 27/2021/ഫിൻ നമ്പർ ഉത്തരവ്.
2) ഈ കാര്യലയത്തിലെ 14/11/2024 തീയതിയിലെ LSGD/PD/9076/2024-GEA1 നമ്പർ ഉത്തരവ്.
3) ഈ കാര്യലയത്തിലെ 10/01/2025 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.

**ഉത്തരവ്**

തദ്ദേശ സ്വയംഭരണ (മുൻ പഞ്ചായത്ത്) വകുപ്പിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട് തസ്തികയുടെ ആകെ എണ്ണത്തിന്റെ 25% പേർക്ക് 56500-118100 ശമ്പള സ്കെയിലിൽ റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡ് അനുവദിക്കുന്നതിന് പരാമർശം (1) ശമ്പള പരിഷ്കരണ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. ആയതു പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട് തസ്തികയുടെ ആകെ എണ്ണമായ 976 തസ്തികകളുടെ 25% ആയ 244 പേർക്കാണ് റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡിന് അർഹത വരുന്നത്. പരാമർശം (2) പ്രകാരമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറി/ സീനിയർ സൂപ്രണ്ട് തസ്തികയുടെ അന്തിമ സീനിയോറിറ്റി ലിസ്റ്റിലെ സീനിയോറിറ്റി നം. 3024, ശ്രീമതി. ഷീബ കെ. എസ്. വരെയുള്ളവർക്ക് പ്രസ്തുത തസ്തികയിലെ റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡ് അനുവദിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു. 2024 സെപ്റ്റംബർ മുതൽ 2025 ഫെബ്രുവരി വരെ വിരമിക്കൽ, സ്വയം വിരമിക്കൽ, മരണം എന്നിവ മൂലം പ്രസ്തുത തസ്തികയുടെ ഹയർഗ്രേഡിൽ 5 ഒഴിവുകൾ നിലവിൽ വന്നിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വിരമിക്കൽ, സ്വയം വിരമിക്കൽ, മരണം എന്നിവ മൂലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട് തസ്തികയുടെ ഹയർഗ്രേഡിൽ ഉണ്ടായിട്ടുള്ള ഒഴിവുകളിലേയ്ക്ക് പരാമർശം (2) പ്രകാരമുള്ള സീനിയോറിറ്റി ലിസ്റ്റിലെ നിരീക്ഷണകാലം പൂർത്തീയായതായി പ്രഖ്യാപിക്കപ്പെട്ട് യോഗ്യത നേടിയ ചുവടെ ചേർക്കുന്ന ഗ്രാമപഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ടുമാർക്ക് 56500-118100 ശമ്പള സ്കെയിലിൽ ടി ജീവനക്കാരുടെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള തീയതി പ്രാബല്യത്തിൽ റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡ് അനുവദിച്ച് ഇതിനാൽ ഉത്തരവാകുന്നു.

*List of incumbents who are eligible for Ratio based Higher Grade in the cadre of Secreatry/Senior Superintendent for the period from 01/09/2024 to 28/02/2025*

| SL No | Seniority No | Name , PEN, Office | With effect date of Ratio based Higher Grade | Remarks |
|---|---|---|---|---|
| 1 | 3025 | Santhosh Kumar P<br>583200<br>District Panchayayat, Wyanad | 10/09/2024 | Suresh Kumar V (Sn No.2679) deceased on 09/09/2024 |
| 2 | 3026 | Reghunathan T R<br>732816<br>Panamaram Grama Panchayat | 01/11/2024 | Jayarajan P (Sn No.2594) volutarily retired on 31/10/2024 |
| 3 | 3027 | Rajan K<br>580408<br>Munderi Grama Panchayath | 01/12/2024 | Narayana P B (Sn No.3014) retired on 31/11/2024 |
| 4 | 3031 | Kabeerdas A<br>584533<br>District Panchayat, Kollam | 01/01/2025 | Rajesh M (Sn No.2883) volutarily retired on 31/12/2024 |
| 5 | 3033 | Sindhu V<br>580853<br>Poothrika Grama Panchayat | 01/02/2025 | Prasannakumar N N (Sn No.2731) retired on 31/01/2025 |

മേൽ ലിസ്റ്റ് പ്രകാരം റേഷ്യോ ഹയർഗ്രേഡ് ആനുകൂല്യം ലഭിക്കുന്ന ജീവനക്കാരുടെ അർഹത പരിശോധിച്ച് മാത്രം കെ. എസ്. ആർ. ഭാഗം I ചട്ടം 28 (എ) പ്രകാരം ശമ്പളം പുനർനിർണ്ണയിച്ച് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും, പ്രസ്തുത വിവരം ബന്ധപ്പെട്ട ജീവനക്കാരുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. കെ. എസ്. ആർ. ഭാഗം I ചട്ടം 23 (ഡി) പ്രകാരം ഹയർഗ്രേഡ് ഉത്തരവ് തീയതി മുതൽ ഒരു വർഷം പിന്നിലേയ്ക്കുള്ള ശമ്പള കുടിശ്ശികയ്ക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ.

റേഷ്യോ അധിഷ്ഠിത ഹയർഗ്രേഡ് ആനുകൂല്യം അനുവദിച്ച് നൽകുമ്പോൾ അർഹതപെട്ടതിലും

ഉപരിയാണെന്ന് ഓഡിറ്റ് മുഖേനയോ അല്ലാതെയോ ഭാവിയിൽ ബോധ്യപ്പെടുന്ന പക്ഷം ആയത് തിരിച്ച് പിടിക്കാൻ ഉതകുന്ന രീതിയിൽ ജീവനക്കാരിൽ നിന്നും സമ്മതപത്രം വാങ്ങി സൂക്ഷിക്കേണ്ടതാണ്.

Signed by
Dinesan Cheruvat
Date: 04-05-2025 20:56:55

**Dr. Dinesan Cheruvat IAS**
**DIRECTOR (RURAL)**

പകർപ്പ് :

1. ബന്ധപ്പെട്ട ജീവനക്കാർക്ക് (ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന)
2. ജില്ലാ ജോയിന്റ് ഡയറക്ടർ, കൊല്ലം, എറണാകുളം, കണ്ണൂർ,വയനാട്
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
4. കരുതൽ ഫയൽ / ഓഫീസ് കോപ്പി